# 46. എം. ജി. ആർ.

മക്കൾ തിലകം, പുരട്ചിതലൈവർ, ഡോക്ടർ, എം. ജി. രാമചന്ദ്രൻ 1987 ഡിസംബർ 24—ാം തീയതി വെളുപ്പിനു മൂന്നു മണിക്ക് മദ്രാസ് നഗരത്തിൽ രാമാവരം തോട്ടത്തിലുള്ള സ്വഗൃഹത്തിൽവച്ച് ഉറക്കത്തിൽ ഹൃദയസ്തംഭനംമൂലം അന്തരിച്ചു. ചന്ദനപേടകത്തിലടയ്ക്കപ്പെട്ട അദ്ദേഹത്തിന്റെ മൃതശരീരം 25—ാം തീയതി വൈകുന്നേരം മറീന കടപ്പുറത്ത് പൂർണ—സർക്കാർ—ബഹുമതികളോടെ സംസ്കരിക്കപ്പെട്ടു.

നിയമസഭയിൽ ഭൂരിപക്ഷമുള്ള അഖിലേന്ത്യാ അണ്ണാ ദ്രാവിഡമുന്നേറ്റക്കഴകം പാർട്ടിയുടെ നേതാവും മുഖ്യമന്ത്രിയും എന്ന നിലയിൽ ഇക്കഴിഞ്ഞ പത്തു വർഷങ്ങളായി തമിഴ്ജനതയുടെ വൈകാരിക—ഭൗതിക—ജീവിതങ്ങൾ സമഗ്രമായി നിയന്ത്രിച്ചുവന്ന അദ്ദേഹത്തിന്റെ മരണം നികത്താനാവാത്ത ശൂന്യത സൃഷ്ടിച്ചതു് തമിഴ്നാട് സംസ്ഥാനത്തിലെ രാഷ്ട്രീയത്തിൽ മാത്രമായിരുന്നില്ല. അയൽരാജ്യമായ ശ്രീലങ്കയിലെ കഴഞ്ഞുമറിഞ്ഞ ആഭ്യന്തരസമരത്തിൽ കഴുത്തോളം മുങ്ങിക്കഴിഞ്ഞ ഇന്ത്യയിലെ കേന്ദ്രനേതൃത്വം, അതിൽനിന്നു വിജയപൂർവം കരകയറുന്നതിനു് അദ്ദേഹത്തിന്റെ വിവേകപൂർണ്ണവും അചഞ്ചലവും ബലിഷ്ഠവുമായ മാർഗദർശനത്തെയാണു് അത്യധികം ആകാംക്ഷയോടെ ഉററുനോക്കിക്കൊണ്ടിരുന്നതു്.

രാജാജി, കാമരാജ്, അണ്ണാദുരൈ, എം. ജി. ആർ—തമിഴ്നാടിന്റെ സ്വാതന്ത്ര്യാനന്തര ഭാഗ്യവിധാതാക്കളുടെ ആ പരമ്പരയിൽ, അവർക്കൊത്തു പ്രതിഷ്ഠിക്കപ്പെടാവുന്ന മറെറാരാൾ അടുത്തെങ്ങും ഉയർന്നുവരുമെന്നു തോന്നുന്നില്ല.

ഇപ്പറഞ്ഞ തന്റെ മൂന്നു മുൻഗാമികളിൽനിന്നു് പലതുകൊണ്ടും വ്യത്യസ്തനായിരുന്നു എം. ജി. ആർ. രാജാജിയുടെ ബുദ്ധിയോ, ചരിത്രമോ, ദീർഘകാല സ്വാതന്ത്ര്യസമരപാരമ്പര്യമോ ഇന്ത്യയുടെ കേന്ദ്രനേതൃത്വത്തിൽ സ്ഥാനമോ തമിഴ്നാട്ടിൽ മാത്രമല്ല, ദക്ഷിണേന്ത്യയിൽതന്നെ, വേറെ ആർക്കും ഉണ്ടായിരുന്നില്ല; നെടുനാൾ നീണ്ടുനിന്ന സേവനത്തിലൂടെ തമിഴ്നാട്ടിൽ 'ഏഴൈത്തോഴൻ' ആവാൻ കഴിഞ്ഞ കാമരാജിനും സ്വാതന്ത്ര്യസമരസേനാനിയെന്നനിലയിൽ ഉജ്ജ്വലമായ ഒരു പ്രതിച്ഛായ ഇന്ത്യയിലാകെ വളർത്താൻ സാധിച്ചിരുന്നു. ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പൈതൃകം അവകാശപ്പെടാനില്ലാതിരുന്ന അണ്ണാദുരൈ ആകട്ടെ, ആര്യമേധാവിത്വമെന്ന ലേബലൊട്ടിച്ച് ആ പൈതൃകത്തെ തള്ളിപ്പറയുകയും, പാവപ്പെട്ട തമിഴരുടെ അധമതാബോധത്തെ ആക്രാമകമായ മേധാവിത്വബോധമായി മാററി, അതിന്റെ ബലത്തിൽ അധികാരത്തിലേക്ക് ഉയരുകയുംചെയ്തു. നിശിതമായ ധിഷണാശക്തിയും തമിഴ് ഭാഷയ്ക്കുമേലുള്ള അനന്യാദൃശമായ സ്വാധീനവും ഇതിനു് അദ്ദേഹത്തെ സഹായിച്ചു.

തന്റെ മൂന്നു മുൻഗാമികളുടേതിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു എം. ജി. ആറിന്റെ പശ്ചാത്തലം. മലയാളികളായ മാതാപിതാക്ക

ളുടെ സന്താനമായിരുന്നതിനാൽ തമിഴ്നാടിന്റെ നേതൃത്വം വഹിക്കാൻ എം. ജി. ആർ. അനർഹനാണെന്ന ആരോപണം, അദ്ദേഹത്തിന്റെ മരണത്തിന്റെ ഏതാനും ദിവസംമുമ്പുപോലും എം. ജി. ആറിന്റെ കരുത്തനായ രാഷ്ട്രീയപ്രതിയോഗി, ശ്രീ കരുണാനിധി ആവർത്തിക്കുകയുണ്ടായി.

തന്റെ മാതാപിതാക്കൾ മലയാളികളാണെന്ന വസ്തുത എം. ജി. ആർ. ഒരിക്കലും മറച്ചുവെച്ചിട്ടില്ല. മറിച്ച്, കേരളം തന്റെ അമ്മയും തമിഴ്നാട് വളർത്തമ്മയുമാണെന്ന അദ്ദേഹത്തിന്റെ ചൊല്ല് പലരും ഉദ്ധരിച്ചിട്ടുള്ളതുമാണ്. കൊച്ചി സംസ്ഥാനത്തിൽ ഒരു ശിരസ്തദാർ ആയിരുന്ന ചിററൂർ നല്ലേപ്പിള്ളി അങ്കരാത്ത് എ. എസ്. മന്നാടിയാരുടെയും ഒററപ്പാലത്തു മേനക്കത്ത് കാർത്ത്യായനിയമ്മയുടെയും മകനായ ഗോപാലമേനോൻ ആയിരുന്നു എം. ജി. ആറിന്റെ അച്ഛൻ. അമ്മ, പാലക്കാട്ട് വടവന്നൂർ മുക്കില മരുതൂർ സത്യഭാമയമ്മയും. മരുതൂർ ഗോപാലമേനോൻ രാമചന്ദ്രൻ എന്നാണ് എം. ജി. ആറിന്റെ മുഴുപ്പേർ.

ഗോപാലമേനോൻ കൊച്ചിസംസ്ഥാനത്തിൽ ഒരു മജിസ്ട്രേട്ട് ആയിരുന്നുവത്രെ. അദ്ദേഹത്തിന്റെ മുമ്പിൽ വിചാരണയ്ക്കു വന്ന ഒരു കേസ്സിലെ പ്രതി, കോഴ നൽകി അദ്ദേഹത്തെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്നും, അതു സാധിക്കാതെ വന്നപ്പോൾ അയാൾ അധികൃതസ്ഥാനങ്ങളിൽ സ്വാധീനം ചെലുത്തി കേസ്സ് മറെറാരു കോടതിയിലേക്കു മാററിയെന്നും, ഇതിൽ പ്രതിഷേധിച്ച് ഗോപാലമേനോൻ മജിസ്ട്രേട്ടുദ്യോഗം രാജിവെച്ചുവെന്നും എം. ജി. ആറിന്റെ ചില ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഗോപാലമേനോൻ സിലോണിലെ കണ്ടിയിൽ ചെന്ന് ഒരു കോളേജിൽ പ്രിൻസിപ്പാൾ ആയത്രെ.

കണ്ടിയിൽ ആണ് 1917 ജനുവരി 17-ാം തീയതി, മാതാപിതാക്കളുടെ അഞ്ചാമത്തെ സന്താനമായി, രാമചന്ദ്രൻ പിറന്നത്. രണ്ടു ജ്യേഷ്ഠത്തിമാരും രണ്ടു ജ്യേഷ്ഠന്മാരും അദ്ദേഹത്തിനുണ്ടായിരുന്നു. ജ്യേഷ്ഠത്തിമാരും ഒരു ജ്യേഷ്ഠനും വളരെ മുമ്പുതന്നെ മരിച്ചുപോയി. ശേഷിച്ച ജ്യേഷ്ഠൻ, എം. ജി. ചക്രപാണി, ഭാഗ്യനിർഭാഗ്യങ്ങളിൽ എം. ജി. ആറുമൊത്തു നിലകൊണ്ടു.

എം. ജി. ആറിന് രണ്ടര വയസ്സായപ്പോൾ ഗോപാലമേനോൻ അന്തരിച്ചു. അകന്ന ഒരു ബന്ധുവായ വേലുനായരുടെ സംരക്ഷണത്തിൽ സത്യഭാമയമ്മ കുട്ടികളുമൊത്തു കുംഭകോണത്തു വന്നു പാർത്തു. ഇവിടെ ഒരു പ്രൈമറി സ്കൂളിൽ ഏതാനും വർഷം പഠിച്ചതൊഴിച്ചാൽ, ഔപചാരികമായ വിദ്യാഭ്യാസം എം. ജി. ആറിനു ലഭിക്കുകയുണ്ടായില്ല. ഇക്കാര്യത്തിൽ രാജാജിയിൽനിന്നും അണ്ണാദുരൈയിൽനിന്നും വളരെ അകന്ന്, കാമരാജിന്റെ കൂടെയാണ് എം. ജി. ആർ. നിലകൊള്ളുന്നത്.

വിദ്യാലയത്തിൽനിന്നു കിട്ടാത്തതു് എം. ജി. ആർ. ജീവിതത്തിൽ നിന്നു നേടി. തമിഴ് നാടകങ്ങളിൽ പിന്നണിപ്പാട്ടുകാരനായിരുന്ന നാരായണൻനായർ എന്നൊരാളുടെ സഹായത്താൽ കുട്ടികളായ ചക്രപാണിയും രാമചന്ദ്രനും 'മധുര ഒറിജിനൽ ബോയിസ് നാടകക്കമ്പനി' യിൽ ചേർന്നു. ശമ്പളമുണ്ടായിരുന്നില്ലെങ്കിലും, അവർക്ക് ഈ കമ്പനിയിൽനിന്നു ഭക്ഷണം ലഭിച്ചുവന്നു.

അഭിനയം പഠിക്കാൻ പോണ്ടിച്ചേരിയിലേക്ക് ഈ സഹോദരർ അയയ്ക്കപ്പെട്ടു. അടിയിൽ വിശ്വസിക്കുന്ന ആശാന്മാരുമായാണ് ഇവർക്ക് ആദ്യമാദ്യം ഇടപെടേണ്ടിവന്നതു്. പിന്നീട് പക്കിരി സാമിപ്പിള്ള എന്ന ഹാസ്യനടനും തമിഴ്നാടകരംഗങ്ങളിൽ ഏറെക്കുറെ പ്രസിദ്ധനായിരുന്ന കാളി എൻ. രത്തിനവും ഇവരുടെ അഭിനയാചാര്യന്മാരായി.

രാമായണത്തിൽ അഗസ്ത്യന്റെയും മഹാഭാരതത്തിൽ അഭിമന്യുവിന്റെയും വേഷം തൃപ്തികരമായി രംഗത്തു് അവതരിപ്പിക്കാൻ കഴിവു നേടിയതോടെ ബാലനടനായ രാമചന്ദ്രന്ന കമ്പനിയിൽനിന്നു് അഞ്ചുരൂപ മാസശമ്പളം കിട്ടിത്തുടങ്ങി. നാഗപട്ടണത്തു നാടകം അഭിനയിക്കുന്നതിനിടെ കണ്ട ഒരു ഗുസ്തിയുടെ ചിത്രമാണത്രേ കായികാഭ്യാസത്തിൽ എം. ജി. ആറിന്ന താല്പര്യമുളവാക്കിയതു്.

'പേശ്ശുംപട'ങ്ങരം പ്രേക്ഷകരെ ആകർഷിച്ചുതുടങ്ങിയ കാലഘട്ടമായിരുന്നു അതു്. കന്തസാമി മുതലിയാർ എന്ന നാടകകൃതുകിയുടെ ശുപാർശയാൽ വേൽപിക്‌ച്ചേഴ്‌സിന്റെ ''സതിലീലാവതി' എന്ന തമിഴ് പടത്തിൽ ഒരു ചെറുഭാഗം അഭിനയിക്കാൻ 1935-ൽ എം. ജി. ആറിന്നു് അവസരം ലഭിച്ചു. തമിഴ് സിനിമാ നടന്മാരിൽ ആദ്യമായി ഏററവുമധികം ജനപ്രീതി നേടിയ ഹാസ്യനടനായ എൻ. എസ്. കൃഷ്ണന്റെ ഒന്നാമത്തെ പടവും ഇതായിരുന്നു.

അനവധി പടങ്ങളിൽ ചെറു വേഷങ്ങരം എടുത്തു് അഭിനയിച്ചശേഷമാണു് ജൂപ്പിററർ പിക്‌ച്ചേഴ്‌സിന്റെ 'രാജകുമാരി'യിൽ നായകന്റെ റോരം എം. ജി. ആറിന്ന കിട്ടിയതു്. പിന്നീട്ട തന്റെ പത്നിയായിത്തീന്ന വി. എൻ. ജാനകിയോടൊപ്പം അഭിനയിച്ച 'മരുതനാട്ടു് ഇളവരശി'യിലാണു് എം. ജി. ആറിന്റെ ജനപ്രിയങ്ങളായ 'കത്തിശണ്ടെ' രംഗങ്ങളിൽ ആദ്യത്തേതു് അരങ്ങേറിയതു്. ഈ പടത്തിന്റെ സംഭാഷണം എഴുതിയതു് കരുണാനിധിയായിരുന്നു.കരുണാനിധി സംഭാഷണം എഴുതിയ പടങ്ങളിലെ അഭിനയമാണു് എം. ജി. ആറിനെ തമിഴ്‌നാട്ടിലെ സാധാരണ ജനങ്ങളുടെ ഹൃദയത്തിൽ സുപ്രതിഷ്ഠിതനാക്കിയതു്. പിൽക്കാലത്തു് എം. ജി. ആർ. തന്റേതായ ഒരു സിനിമാക്കമ്പനി—എം. ജി. ആർ. പിക്‌ച്ചേഴ്‌സ് ആരംഭിച്ചു. ഏഴകളുടെ ഭാഗത്തുനിന്നു് അനീതിയോടു പൊരുതി വിജയം വരിക്കുന്ന, അതിസുന്ദരനും അത്യന്ത ധീരനും മഹാകാമുകനുമായ, ജനനായകനെന്ന നിലയിൽ തന്റെ പ്രതിച്ഛായ ആവിഷ്‌കരിക്കുന്നതിനു് ഈ പടങ്ങളിലൂടെ എം. ജി. ആർ. ഇളവില്ലാതെ, സഫലമായി പ്രയത്നിച്ചു.

തമിഴ് നടനും പത്രപ്രവർത്തകനുമായ ചോ എഴുതുന്നു:

'നടനെന്ന നിലയിൽ താനൊരു പ്രതിഭാശാലിയാണെന്ന തെററിദ്ധാരണ എം. ജി. ആറിന്നു് ഉണ്ടായിരുന്നില്ല. തന്റെ പടങ്ങളുടെ തിരക്കഥകരം തന്നിൽനിന്നു വലിയ അഭിനയവൈദഗ്ദ്ധ്യമൊന്നും ആവശ്യപ്പെടുന്നവയാകാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. പോരാട്ടങ്ങരം, റൊമാൻസ്, യുഗ്മഗാനങ്ങരം, കണ്ണീർ വരുത്തുന്ന അതിഭാവുകരംഗങ്ങരം, അണ്ണാദുരൈയുടെ മഹത്വം സംബന്ധിച്ച പ്രഖ്യാപനങ്ങരം, മാതൃത്വത്തോടുള്ള ആരാധന, ഇമ്പമുള്ള സംഗീതം—ഇതെല്ലാം അദ്ദേഹത്തിന്റെ പടങ്ങളിൽ നിറഞ്ഞുനിന്നു. അഭിനയം വശമാകാത്തതിനാൽ അദ്ദേഹം അതിന്റെ സാങ്കേതികവശത്തിൽ മേധാവിത്വം സ്ഥാപിച്ചു. സ്വന്തം ചിത്രങ്ങളിലെ യുദ്ധരംഗങ്ങളുടെ പടം പിടിച്ചതും, അവ എഡിററ്‌ചെയ്തതും എം. ജി. ആർ.തന്നെയായിരുന്നു.'

ഈ പടങ്ങളിലൂടെ എം. ജി. ആർ. തമിഴ്‌നാട്ടിലെ, പ്രത്യേകിച്ച സ്ത്രീകളുടെ, കൗമാരത്തിന്റെ വീരനായകനും യൗവനത്തിന്റെ കാമുകനും മദ്ധ്യവയസ്സിന്റെ അഭിമാനപുത്രനും വാർദ്ധക്യത്തിന്റെ സംരക്ഷകനുമായിത്തീർന്നു. പടങ്ങരം സൃഷ്‌ടിച്ച പ്രതിച്ഛായ തന്റെ രാഷ്ട്രീയജീവിതത്തിൽ അദ്ദേഹം അനുപമമായ വൈദഗ്ദ്ധ്യത്തോടെ ഉപയോഗപ്പെടുത്തുകയുംചെയ്തു.

തിയേററിന്ന പുറത്തു്, നിത്യജീവിതത്തിൽ ഉദാരനും ഹൃദയാലുവുമായ ഒരു മഹാപുരുഷനെന്ന നിലയിൽ അറിയപ്പെടുവാൻ അദ്ദേഹം ആഗ്ര

ഹിച്ചു. മദ്രാസ് നഗരത്തിലെ ആറായിരം റിക്ഷത്തൊഴിലാളികൾക്ക് അദ്ദേഹം മഴക്കോട്ടുകൾ വാങ്ങി സമ്മാനിച്ചതു തമിഴ്നാട്ടിൽ വലിയൊരു സംഭവമായിരുന്നു. കൈകൊണ്ടു വലിക്കുന്ന റിക്ഷകൾ സൈക്കിൾറിക്ഷകളാക്കി മാററുവാനും അദ്ദേഹം വൻതോതിൽ സഹായം നൽകി. സഹായത്തിനു തന്നെ സമീപിക്കുന്ന ആരെയും എം. ജി. ആർ. നിരാശനാക്കിയില്ല. 'വാരിവഴങ്കും കൊടൈവള്ളൽ' എന്ന പ്രശസ്തി അദ്ദേഹം നേടുകയും നിലനിർത്തുകയുംചെയ്തു. 'എം. ജി. ആറിൻെറ ഗുണം തങ്കംപോലെയാണ്. തങ്കം ഉരുക്കി ഉണ്ടാക്കുന്ന ഏതു സാധനവും സുന്ദരമായിരിക്കും. അതുപോലെ, എം. ജി. ആർ. എന്തുചെയ്താലും ഹൃദയശുദ്ധിമൂലം അതിലെല്ലാം അദ്ദേഹം വിജയംനേടും' എന്നു് അണ്ണാദുരൈ അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്.

ഇതൊക്കെ കാരണം, ജന്മനാ തമിഴനല്ലെങ്കിലും, തമിഴ് സംസ്കാരം രക്ഷിക്കുന്നതിൽ തമിഴരേക്കാൾ താല്പര്യവും കഴിവും എം. ജി. ആറിനുണ്ടെന്ന ധാരണ സാധാരണക്കാരായ തമിഴരുടെ ഹൃദയങ്ങളിൽ സൃഷ്ടിച്ചു നിലനിർത്താൻ എം. ജി. ആറിനു സാധിച്ചു.

സ്വകാര്യജീവിതത്തിൽ യാതൊരു കെട്ട വഴക്കവുമില്ലാത്ത 'നല്ലവരും വല്ലവരും തമിഴർ നലം കരുതും തൊണ്ടരും' ആയ അദ്ദേഹത്തിൻെറ കൈയിൽ തമിഴ്നാടിൻെറ ഭാഗധേയം സുരക്ഷിതമാണെന്നു് അവർ വിശ്വസിക്കുകയും, ആ വിശ്വാസം ബാലട്ട്പേപ്പറിലൂടെ അസന്ദിഗ്ദ്ധമാംവിധം വീണ്ടും വീണ്ടും പ്രഖ്യാപിക്കുകയുംചെയ്തു.

1953–നുമുമ്പ് എം. ജി. ആറിനു് കോൺഗ്രസ് പാർട്ടിയോടായിരുന്നു അനുഭാവം. എങ്കിലും കരുണാനിധിയിലൂടെ അണ്ണാദുരൈയുമായി അടുത്തതിനുശേഷമേ അദ്ദേഹം സക്രിയരാഷ്ട്രീയത്തിൽ തല്പരനായുള്ളു. ജനക്കൂട്ടത്തെ ആകർഷിക്കുവാൻ എം. ജി. ആറിനുള്ള കഴിവു കണ്ടറിഞ്ഞ അണ്ണാദുരൈ, താൻ സ്ഥാപിച്ച ദ്രാവിഡമുന്നേററക്കഴകം വളർത്തുവാൻ അദ്ദേഹത്തെ സമർത്ഥമായി ഉപയോഗപ്പെടുത്തി. കോൺഗ്രസ്സിനെ തറപററിച്ച് 1967–ൽ ദ്രാവിഡ മുന്നേററക്കഴകം തമിഴ്നാട്ടിൽ ആധിപത്യം ഉറപ്പിച്ചതു് അങ്ങനെയായിരുന്നു. 1969–ൽ അണ്ണാദുരൈയുടെ നിര്യാണത്തിനുശേഷം, അണ്ണാദുരൈയുടെ രാഷ്ട്രീയപൈതൃകവും സംഘടനയും തൻേറതാണെന്നു്, അല്പം പ്രയാസപ്പെട്ടാണെങ്കിലും, എം. ജി. ആർ. തെളിയിച്ചു. സുഹൃത്തും സഹപ്രവർത്തകനുമായിരുന്ന കരുണാനിധിയിൽനിന്നു് എം. ജി. ആർ. 1972–ൽ എന്നന്നേക്കുമായി വിട്ടുപിരിഞ്ഞു. എം. ജി. ആർ. സ്ഥാപിച്ച അണ്ണാ ദ്രാവിഡ മുന്നേററക്കഴകത്തിനു് ഇതുപിന്നീട് അഖിലേന്ത്യാ ദ്രാവിഡമുന്നേററക്കഴകമായി—അണ്ണാദുരൈയുടെ അനുയായികളും ആരാധകരും ഏറെക്കുറെ പൂർണമായ പിന്തുണ നല്കി. തൻെറ ഏററവും വലിയ എതിരാളിയായ കരുണാനിധിയെ അധികാരത്തിൽനിന്നു് അകററി നിർത്തുന്നതിൽ, മരണംവരെ എം. ജി. ആർ. വിജയിക്കുകയുംചെയ്തു.

സ്വതന്ത്രഭാരതത്തിൽ, വിഘടനവാദം ആദ്യമായി പുഷ്ടിപ്പെട്ട പ്രദേശങ്ങളിലൊന്നായിരുന്നു തമിഴ്നാട്. തമിഴ്നാട്ടിൽ വിഘടനവാദത്തിൻെറ വായിത്തല മടക്കുകയും, തമിഴ്നാട് രാഷ്ട്രീയത്തെ ഭാരത രാഷ്ട്രീയത്തിൻെറ മുഖ്യധാരയിലേക്കു പുനരാനയിക്കുകയുംചെയ്തു എന്നതാണ് എം. ജി. ആറിൻെറ ഏററവും മുഖ്യമായ രാഷ്ട്രീയസേവനം. ശ്രീലങ്കയിലെ തമിഴ്–ഈഴം—പ്രക്ഷോഭണത്തിൻെറ അഗ്നിജ്വാലകൾ ഇന്ത്യയുടെ അഖണ്ഡതയെ അപകടപ്പെടുത്തുമാറു് തമിഴ്നാട്ടിൽ ആളിപ്പടരാതിരുന്നതിനു നാം നന്ദി പറയേണ്ടതു് എം. ജി. ആറിനോടാകുന്നു. എം. ജി. ആർ. തമിഴ് അഭയാർത്ഥികളെ സംരക്ഷിക്കുകയും തമിഴ്തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുകയുംചെയ്തു. പ്രഭാകരൻെറ നേതൃത്വത്തിലുള്ള

തമിഴ് വിമോചനപ്പുലികൾ കരുത്താർജിച്ചതു് എം. ജി. ആറിന്റെ ഛത്രഛായയിലായിരുന്നു. എങ്കിലും, രാജീവ്ഗാന്ധിയും ജയവർധനേയും ചേർന്നു് ഒപ്പുവെച്ച ശ്രീലങ്കകരാർ ഇന്ത്യയുടെയും ശ്രീലങ്കയുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതാണെന്നും, ഈ കരാറിന്റെ കീഴിൽ ശ്രീലങ്കയിലെ തമിഴർക്കു വലിയ അളവിൽ സ്വയംഭരണം കൈവരുമെന്നും കണ്ടപ്പോൾ, അതിനെ അനുകൂലിക്കാൻ എം. ജി. ആർ. മടിച്ചില്ല. കരാറിലെ വ്യവസ്ഥകൾ തികച്ചും നടപ്പിൽ വരുന്നതു കാണുവാൻ അദ്ദേഹത്തിനു് ആയുസ്സു് അവശേഷിക്കാതിരുന്നതു നമ്മുടെ നിർഭാഗ്യമെന്നേ പറയേണ്ടൂ.

തമിഴ്നാട്ടിൽ കൃഷിയും വ്യവസായങ്ങളും വളർത്തുന്നതിനു് കാമരാജ്ചെയ്ത പരിശ്രമങ്ങളോടു കിടനില്ക്കുന്ന ഒന്നും എം. ജി. ആർ. തന്റെ ദീർഘമായ ഭരണകാലത്തുചെയ്യുകയുണ്ടായില്ല. അതേസമയം, എം. ജി. ആർ. നടപ്പിൽ വരുത്തിയ പോഷകാഹാര പരിപാടിപോലെ ഏഴകളുടെ ഹൃദയങ്ങളെ സ്പർശിച്ച മറ്റൊരു രാഷ്ട്രീയനടപടി ഇക്കഴിഞ്ഞ അരനൂറ്റാണ്ടിൽ തമിഴ്നാട്ടിൽ ഉണ്ടായിട്ടില്ല. ജനങ്ങളുടെ ദാരിദ്ര്യം അകറ്റാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ വിശപ്പെങ്കിലും അകറ്റണമെന്നു് എം. ജി. ആർ. 1982–ൽ തീരുമാനിച്ചപ്പോൾ, അതിന്റെ പ്രായോഗികതയിൽ പലരും സംശയാലുക്കൾ ആയിരുന്നു. ഇപ്പോൾ തമിഴ്നാട്ടിലെ എൺപത്തിനാലു ലക്ഷം കുട്ടികളുടെ ഒഴിഞ്ഞ വയറുകളിൽ ഉച്ചഭക്ഷണം എത്തിക്കാൻ ഈ പരിപാടി (സത്തുണവുതിട്ടം) പര്യാപ്തമായിട്ടുണ്ടു്. ഇതിനായി സർക്കാർ ഖജനാവിൽനിന്നു് ആണ്ടുതോറും ഇരുനൂറു കോടി രൂപയോളം ചെലവാകുന്നു. കുട്ടികൾക്കെന്നപോലെ ഗ്രാമങ്ങളിലെ വൃദ്ധർക്കും നിരാശ്രയർക്കും ഈ പദ്ധതി പ്രയോജനപ്പെടുന്നു.

എം. ജി. ആർ. നടപ്പിൽവരുത്തിയ കർഷകത്തൊഴിലാളികളുടെ ഇൻഷുറൻസ് പദ്ധതിയും പരാമർശമർഹിക്കുന്നു. ഇതിൻപ്രകാരം, കുടുംബനാഥൻ മരിച്ച ഓരോ ദരിദ്രകുടുംബത്തിനും 5,000 മുതൽ 10,000 വരെ രൂപ സഹായധനമായി ലഭിക്കുന്നു. ദരിദ്രർക്കു വിപുലമായ തോതിൽ ഭവനനിർമാണസഹായവും തമിഴ്നാട് ഗവണ്മെന്റ് നല്കിവരുന്നുണ്ടു്. സ്കൂൾകുട്ടികൾക്കു സൗജന്യമായി 'പാൽപ്പൊടി' നല്കുവാൻ ആജ്ഞാപിച്ചപ്പോൾ എം. ജി. ആർ.ചെയ്തതു് തമിഴ്നാടിന്റെ ആരോഗ്യ–ശുചിത്വ–ബോധത്തെ തൊട്ടുണർത്തുകയായിരുന്നു. ദരിദ്രസ്ത്രീകൾക്കു ചെരുപ്പുകൾ സൗജന്യമായി കൊടുത്തപ്പോഴാകട്ടെ,ഏറ്റവും അടിയിലുള്ളവരുടെ യഥാർത്ഥ ജീവിതനിലവാരം അല്പമെങ്കിലും ഉയർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ജലക്ഷാമം കൊടുമ്പിരിക്കൊണ്ട മദ്രാസ്സിലെ ചേരിപ്രദേശങ്ങളിലെ സ്ത്രീകൾക്കു്, വല്ലപ്പോഴും കിട്ടുന്ന വെള്ളം ശേഖരിച്ചുവയ്ക്കാൻ പ്ലാസ്റ്റിക് കുടങ്ങൾ വിതരണംചെയ്തപ്പോഴും, പാവപ്പെട്ടവരുടെ ഹൃദയങ്ങളിലെ ആർദ്രമായ ഒരു തലം സ്പർശിക്കുകയാണു് എം. ജി. ആർ. ചെയ്തതു്.

'എം. ജി. ആറിനുശേഷം ആർ?' എന്നതു്, ഇതെഴുതുമ്പോൾ, തമിഴ്നാട്ടിലെ സജീവപ്രശ്നമാണു്. ഒരു വ്യക്തിയുടെ പ്രഭാവത്തിൽ പടുത്തുകെട്ടിയ ഒരു പാർട്ടി, ആ വ്യക്തിയുടെ തിരോധാനത്തോടെ, ശിഥിലമാകാതെ തരമില്ല. ചേരിപ്പോരുകൾക്കു കുപ്രസിദ്ധി നേടിയതാണു് അഖിലേന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റക്കഴകം പാർട്ടി. അതിനു തനതായ ഒരു തത്ത്വസംഹിതയില്ല. അതിലെ രണ്ടാംനിര നേതാക്കൾ തമ്മിൽ തച്ചു തല കീറാതെ നോക്കുന്നതിനു തന്റെ ജീവകാലത്തിൽ എം. ജി. ആർ. വളരെയധികം പണിപ്പെട്ടിരുന്നു. 1984 ഒക്ടോബറിൽ പ്രമേഹവും ഹൃദ്രോഗബാധയും വൃക്കയുടെ പ്രവർത്തനരാഹിത്യവുംമൂലം അവശനായ എം. ജി. ആർ. ചികിത്സയ്ക്കു് അമേരിക്കയിലേക്കു പോയ

പ്പോൾത്തന്നെ, അദ്ദേഹത്തിന്റെ പാർട്ടി ചിന്നിച്ചിതറി കോൺഗ്രസ്സിലും കരുണാനിധിയുടെ ദ്രാവിഡ മുന്നേററക്കഴകത്തിലും ലയിക്കുമെന്നു പ്രവചിച്ചവർ കുറവായിരുന്നില്ല.

രോഗങ്ങൾ തന്റെ മേൽ ചുമത്തിയ അവശതകളോടു പൊരുതുന്നതിൽ പ്രദർശിപ്പിച്ച അസാധാരണമായ വീറോടെതന്നെ, രോഗശയ്യയിലായിരുന്നിട്ടും എം. ജി. ആർ. തന്റെ പാർട്ടിയിലെ ഛിദ്രാത്മക പ്രവണതകളോടു പൊരുതി. അദ്ദേഹത്തിന്റെ ആത്യന്തികമായ അസാന്നിദ്ധ്യത്തിൽ ആ പാർട്ടിക്ക് എന്തു സംഭവിക്കും? ഇന്നത്തെ രാഷ്ട്രീയ സംവിധാനം തകർന്നാൽ, പിന്നീടു തമിഴ്നാട് രാഷ്ട്രീയത്തിന്റെ പോക്ക് ഏതു വഴിക്കായിരിക്കും? ഈ വ്യതിയാനം അഖിലേന്ത്യാതലത്തിൽ എങ്ങനെ പ്രതിഫലിക്കും? ഈ ചോദ്യങ്ങളുടെ ഉത്തരം നാം കാത്തിരുന്നു കാണുകതന്നെ വേണം.

ജീവിച്ചിരിക്കെത്തന്നെ ഇതിഹാസമായി മാറിയിരുന്ന എം. ജി. ആർ. മരണാനന്തരം വലിയ ഒരു ഐതിഹ്യസമുച്ചയത്തിന്റെ കേന്ദ്രബിന്ദുവായിത്തീരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തെപ്പററി ധാരാളം ഗാനങ്ങളുണ്ടാവും; പല നാടകങ്ങളിൽ നായകസ്ഥാനം അദ്ദേഹത്തിനു നൽകപ്പെടും. എം. ജി. ആറിന്റെ പ്രതിമ പ്രതിഷ്ഠിച്ച് ആരാധിക്കുന്ന ക്ഷേത്രങ്ങളും ഉണ്ടായിക്കൂടായ്കയില്ല. സാധാരണ ബുദ്ധി ഉപയോഗിച്ച് അപഗ്രഥിക്കാനോ, വിശദീകരിക്കാനോ, സാധൂകരിക്കാനോ പ്രയാസമുള്ള ഒന്നാണ് 'എം. ജി. ആർ. പ്രതിഭാസം.' അതിന്റെ വേരുകൾ തമിഴ്ജനതയുടെ അബോധചേതനയിൽ ആഴ്ന്നിറങ്ങിക്കിടക്കുന്നു.

(27 ഡിസംബർ 1987)

# 47. സാലിം അലി

ജെ. സി. ബോസ്, പി. സി. റായ്, സി. വി. രാമൻ, ബീർബൽ സാഹ്നി, മേഘനാദ്സാഹ, ഹോമിഭാഭ, വിക്രം സാരാഭായി—ആധുനിക ഭാരതത്തിലെ മഹാന്മാരായ ശാസ്ത്രജ്ഞരെ ഇങ്ങനെ പരിഗണിക്കുന്ന കൂട്ടത്തിൽ സാലിം അലിയെ നാം ഉൾപ്പെടുത്തുമോ എന്ന സംശയമാണ്. വിനീതനായ ഈ പക്ഷിനിരീക്ഷകൻ ജീവനുള്ള ജീവശാസ്ത്രത്തിനു നൽകിയ അമൂല്യമായ സംഭാവന അദ്ദേഹത്തിന്റെ നാട്ടുകാർ ഇനിയും വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ല. പക്ഷേ, ഇന്ത്യൻ പൗരത്വം സ്വയം തിരഞ്ഞെടുത്ത പ്രശസ്തനായ ബ്രിട്ടീഷ് ജീവശാസ്ത്രജ്ഞൻ ജെ. പി. എസ്. ഹാൽഡെയ്ൻ സാലിം അലിയുടെ മഹത്വം 1861-ൽത്തന്നെ മനസ്സിലാക്കിയിരുന്നു. ജീവശാസ്ത്രത്തിനു നൽകിയ സംഭാവനയുടെ പേരിൽ ഒന്നരലക്ഷം രൂപയിലേറെ വിലവരുന്ന ഒരു സമ്മാനം ഇററലിയിലെ ഒരു ശാസ്ത്രജ്ഞസംഘടനയിൽനിന്നു തനിക്കു ലഭിച്ചപ്പോൾ ഹാൽഡെയ്ൻ സാലിം അലിക്കെഴുതി: 'ഒരുപക്ഷേ, എന്നേക്കാൾ ഏറെ ഈ സമ്മാനം അർഹിക്കുന്നതു് താങ്കളാണ്. ഒരു ജീവശാസ്ത്രജ്ഞനാവുക താങ്കളെ സംബന്ധിച്ചിടത്തോളം, കൃച്ഛ്രസാദ്ധ്യമായിരുന്നു. എന്റെ അച്ഛന്റെ ഉദാഹരണം മുമ്പിലുള്ളപ്പോൾ, ഒരു ജീവശാസ്ത്രജ്ഞനാവാതിരിക്കുകയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം കൃച്ഛ്രസാദ്ധ്യം. ഏതാനും ആയിരംരൂപ പ്രയോജനപ്പെടുത്താവുന്ന ഏതെങ്കിലും ജീവശാസ്ത്ര